**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വനിതാ ഫെഡിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വനിതാ ഫെഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | പ്രാഥമിക വനിത സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കേരള വനിത സഹകരണ ഫെഡറേഷൻ (വനിത ഫെഡ്) 01-04-2003 -ന് പ്രവർത്തനം ആരംഭിച്ചു. സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ അവർക്ക് വേണ്ടി സംയോജിത വായ്പ/സേവനപരിശീലനം എന്നീ പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രധാന പ്രവർത്തനം.<br><br>സർക്കാർ ധനസഹായം വിനിയോഗിച്ച് അംഗസംഘങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ഫെഡറേഷൻ വായ്പ നൽകി വരുന്നു. വനിതകളുടെ ഉന്നമനത്തിനായി വനിതാസംഘങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും സംഘങ്ങൾക്ക് ഡ്രൈവിംഗ് സ്കൂളുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുന്നതിനും വായ്പ നൽകി വരുന്നു. ഇതിനു പുറമെ വിവിധ സംഘങ്ങൾക്ക് പേപ്പർ/തുണി സഞ്ചി നിർമ്മാണം, മാസ്ക് നിർമ്മാണം, ഗാർമെന്റ് മെയ്ക്കിംഗ്, ക്യാന്റീൻ എന്നീ പദ്ധതികൾക്കായി വായ്പ നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ അംഗ സംഘങ്ങൾക്ക് ഓർഡിനറി ലോണും(O.L.) ആവശ്യാനുസരണം നൽകിവരുന്നു. ഇതിനുപുറമെ അംഗസംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനപരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതു വഴി പൊതു ജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് അംഗസംഘങ്ങളെ പ്രാപ്തരാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വനിതാദിനത്തോടനുബന്ധിച്ച് അംഗ സംഘങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘങ്ങൾക്ക് അവാർഡ് നൽകി വരുന്നു. അംഗസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള സഹായ സഹകരണങ്ങൾ നൽകി വരുന്നു. |
| (ബി) | വനിതാ ഫെഡിൽ അംഗത്വമുള്ള വനിതാ സംഘങ്ങളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | വനിത ഫെഡിന്റെ ആഭിമുഖ്യത്തിൽ വനിത ഫെഡിന്റെ അംഗസംഘങ്ങളുടെ മേഖലാ തല യോഗം സംസ്ഥാനത്ത് ഓരോ ജില്ലയിലുമായി നടത്താറുണ്ട്. സംഘങ്ങൾക്ക് പ്രാദേശികമായി നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികളെ സംബന്ധിച്ചും പദ്ധതികൾ എങ്ങനെ നടപ്പിലാക്കാമെന്നും അതിന് വനിത ഫെഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യാറുണ്ട്. |
| (സി) | നിഷ്ക്രിയമായോ മന്ദഗതിയിലോ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ആയതിന് ക്രിയാത്മകമായ കർമ്മപദ്ധതിക്ക് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി പിന്നോക്കം നിൽക്കുന്ന വനിത സംഘങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രാദേശിക തലത്തിൽ അവർക്ക് നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. *അംഗസംഘങ്ങൾ വഴി അഭ്യസ്ത വിദ്യരായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും അനുയോജ്യമായപദ്ധതികൾ നടപ്പിലാക്കുന്നതിന് വനിതഫെഡ് സഹായങ്ങൾ നൽകിവരുന്നു.* നിഷ്ക്രിയമായും മന്ദഗതിയിലും പ്രവർത്തിക്കുന്ന വനിത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും വിദ്യാഭ്യാസവും തൊഴിൽ ശേഷിയുമുള്ള വനിതകളെ ഉല്പാദന, വിതരണ, വികസന മേഖലകളുടെ ഭാഗമാക്കുന്നതിനും ഇത്തരം വനിത സംഘങ്ങളെ *ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വനിത സംഘങ്ങളെ ഉല്പാദന കേന്ദ്രങ്ങളാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായത്തോടെയുള്ള പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.* |
| (ഡി) | വിദ്യാഭ്യാസവും തൊഴിൽ ശേഷിയുമുള്ള വനിതകളെ ഉല്പാദന, വിതരണ, വികസന മേഖലകളുടെ ഭാഗമാക്കുന്നതിനും ഇത്തരം വനിതാ സംഘങ്ങളെ | (ഡി) | സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന |

| | | | |
|---|---|---|---|
| | ശാക്തീകരിക്കുന്നതിനും പുതിയ നയപരിപാടികൾക്ക് രൂപം നൽകുമോ; വിശദമാക്കുമോ? | | പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി പിന്നോക്കം നിൽക്കുന്ന വനിത സംഘങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രാദേശിക തലത്തിൽ അവർക്ക് നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. *അംഗസംഘങ്ങൾ വഴി അഭ്യസ്ത വിദ്യരായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും അനുയോജ്യമായപദ്ധതികൾ നടപ്പിലാക്കുന്നതിന് വനിതഫെഡ് സഹായങ്ങൾ നൽകിവരുന്നു.* നിഷ്ക്രിയമായും മന്ദഗതിയിലും പ്രവർത്തിക്കുന്ന വനിത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും വിദ്യാഭ്യാസവും തൊഴിൽ ശേഷിയുമുള്ള വനിതകളെ ഉല്പാദന, വിതരണ, വികസന മേഖലകളുടെ ഭാഗമാക്കുന്നതിനും ഇത്തരം വനിത സംഘങ്ങളെ *ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വനിത സംഘങ്ങളെ ഉല്പാദന കേന്ദ്രങ്ങളാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായത്തോടെയുള്ള പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.* |

സെക്ഷൻ ഓഫീസർ